(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജുകളിൽ;

(സി) ഇല്ലെങ്കിൽ പ്രസ്തുത നടപടികളും ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) പട്ടയം പാസ് ബുക്ക് നൽകുന്നത് ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ തിരഞ്ഞെടുത്ത നാലു വില്ലേജുകളിൽ മാത്രമാണ്. അതിൽ പീരുമേട് താലൂക്കിലെ ഒരു വില്ലേജും ഉൾപ്പെടുന്നില്ല. പൈലറ്റ് പ്രോജക്റ്റ് വിജയകരമായി നടപ്പാക്കിയതിനുശേഷം മാത്രമേ മറ്റു വില്ലേജുകളിലേയ്ക്കും ഇതു വ്യാപിപ്പിക്കുകയുള്ളൂ.

പട്ടയവിതരണം.

235 [255] ശ്രീമതി മോർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട്;

(ബി) പട്ടയം ലഭിച്ചിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അവരിൽ സ്ത്രീകൾ എത്ര;

(ഡി) ഇനിയും പട്ടയം വിതരണം ചെയ്യുമ്പോൾ സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗങ്ങൾക്കും പ്രത്യേകം സംരക്ഷണം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുറമ്പോക്കു ഭൂമിക്ക് 31-1-1986 വരെ 48,662 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമപ്രകാരം 39,383 പട്ടയങ്ങളും നൽകിയിട്ടുണ്ട്.

(ബി,സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളിലെല്ലാം തന്നെ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് ആകെ വിതരണം ചെയ്യുന്ന ഭൂമിയുടെ ഒരു നിശ്ചിത ശതമാനം പതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. അതിന്റെ പ്രകാരം ഭൂമി പതിവ് നടപടികളും തുടർന്നുവരികയാണ്. സ്ത്രീകൾക്ക് ഇക്കാര്യത്തിൽ പ്രത്യേകം സംരക്ഷണമൊന്നും ഉറപ്പുവരുത്തിയിട്ടില്ല.

വനഭൂമി പതിച്ചു കിട്ടാനുള്ള മലയോര കർഷകർ

236 [256] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി 1ന് മുൻപ് കുടിയേറിപ്പാർത്ത എത്ര മലയോരകർഷകർക്ക് വനഭൂമി പതിച്ചു കൊടുക്കാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly